ഖണ്ഡം 6

(1)-ാം ഉപഖണ്ഡത്തിൽ, "സ്വകാര്യ എയ്ഡഡ് അല്ലെങ്കിൽ അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനവുമായി" എന്നീ വാക്കുകൾക്ക് പകരം "സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനവുമായി "എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 8

(1) (1)-ാം ഉപഖണ്ഡത്തിൽ:—

(എ) (എ) ഇനത്തിൽ, "ഒരു സ്വകാര്യ എയ്ഡഡ് അല്ലെങ്കിൽ അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തോടോ ഒരു കൽപിത സർവ്വകലാശാലയോടോ" എന്നീ വാക്കുകൾക്കു പകരം "ഒരു സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനത്തോട് " എന്നീ വാക്കുകൾ ചേർക്കുക.

(ബി) നിലവിലുള്ള (ബി) ഇനം (സി) ഇനമായി പുനരക്ഷരം ചെയ്യുകയും അങ്ങനെ പുനരക്ഷരം ചെയ്ത (സി) ഇനത്തിന് മുമ്പായി താഴെപ്പറയുന്ന ഇനം ചേർക്കുകയും ചെയ്യുക, അതായത് .—

"(ബി) അന്തിമ ഫീസ് നിശ്ചയിക്കുന്നതിന് ഏതെങ്കിലും കാരണത്താൽ കാലതാമസം നേരിടുമെന്ന് സമിതിയ്ക്ക് ബോധ്യമാകുന്ന പക്ഷം അതിന് ഒരു താല്ക്കാലിക ഫീസ് നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്താവുന്നതും അങ്ങനെ ഫീസ് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ തൊണ്ണൂറ് ദിവസത്തിനകം അന്തിമഫീസ് നിശ്ചയിക്കേണ്ടതും ആയത് (എ) ഖണ്ഡത്തിൽ പറഞ്ഞ പ്രകാരം വിജ്ഞാപനം ചെയ്യേണ്ടതുമാണ്; ".

(2) (3)-ാം ഉപഖണ്ഡത്തിൽ "എയ്ഡഡ് അല്ലെങ്കിൽ അൺഎയ്ഡഡ് " എന്നീ വാക്കുകൾ വിട്ടുകളയുക.

ഖണ്ഡം 9

(1) (1)-ാം ഉപഖണ്ഡത്തിൽ "എയ്ഡഡ് അല്ലെങ്കിൽ അൺഎയ്ഡഡ് " എന്നീ വാക്കുകൾ വിട്ടുകളയുക.

(2) (3)-ാം ഉപഖണ്ഡത്തിൽ "എയ്ഡഡ് അല്ലെങ്കിൽ അൺഎയ്ഡഡ് " എന്നീ വാക്കുകൾ വിട്ടുകളയുക.

ഖണ്ഡം 10

10-ാം ഖണ്ഡത്തിൽ, "എയ്ഡഡ് അല്ലെങ്കിൽ അൺഎയ്ഡഡ് " എന്നീ വാക്കുകൾ വിട്ടുകളയുക.

ഖണ്ഡം 11

(1)-ാം ഉപഖണ്ഡത്തിൽ,—

(എ) പ്രാരംഭവാചകത്തിൽ "എയ്ഡഡ് അല്ലെങ്കിൽ അൺഎയ്ഡഡ് " എന്നീ വാക്കുകൾ വിട്ടുകളയുക .

## വിയോജനക്കുറിപ്പ്

2017 ഏപ്രിൽ 10-നാണ് ഈ ബിൽ സംബന്ധിച്ച ഓർഡിനൻസ് 2017-ലെ 6-ാം നമ്പർ ഓർഡിനൻസായി പുറപ്പെടുവിച്ചത്. എന്നാൽ ഈ ഓർഡിനൻസിലെ നിബന്ധന പ്രകാരം യാതൊരു നടപടിയും 50 ദിവസം സ്വീകരിക്കാതെ സ്വാശ്രയ മെഡിക്കൽ മേഖലയിലെ ആശയക്കുഴപ്പം വർദ്ധിപ്പിക്കുന്ന നടപടികളാണ് സർക്കാർ ഭാഗത്തുനിന്നുണ്ടായത്. അത് കഴിഞ്ഞ് 2017 ജൂൺ ഒന്നാം തീയതി 2017-ലെ ഏഴാം നമ്പർ ഓർഡിനൻസായി റീപ്രൊമുൽഗേറ്റ് ചെയ്ത ഓർഡിനൻസിലെ നിബന്ധനകൾക്ക് ഘടകവിരുദ്ധമായി അഡ്മിഷൻ ഫീ റഗുലേറ്ററി കമ്മിറ്റിയെ ഒരു എക്സിക്യൂട്ടീവ് ഉത്തരവിലൂടെ നിയമിക്കുകയും പ്രശ്നം കോടതിയിലെത്തിക്കുകയും കോടതിയിൽ നിന്നും കടുത്ത വിമർശനം ഏറ്റുവാങ്ങുന്ന അവസ്ഥ ഉണ്ടാവുകയും ചെയ്തു. 2006-ലെ കേരള പ്രൊഫഷണൽ കോളേജുകളും, അല്ലെങ്കിൽ സ്ഥാപനങ്ങളും (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും, പ്രവേശനം നിയന്ത്രിക്കലും, ചൂഷണരഹിത ഫീസ് നിയന്ത്രിക്കലും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പുവരുത്തുന്നതിനുള്ള മറ്റു നടപടികളും) ആക്ടിലെ നിബന്ധനകൾക്ക് വിധേയമായി രൂപീകൃതമായ പ്രൊഫഷണൽ കോളേജുകളിലെ ഫീസ് നിശ്ചയിക്കുന്നതിനുള്ള ഫീ റഗുലേറ്ററി കമ്മിറ്റി നിലവിലുണ്ടായിരുന്ന സാഹചര്യത്തിൽ ഇപ്രകാരം ഒരു നിയമം കൊണ്ടുവന്ന് സ്വാശ്രയ മേഖലയിൽ അനിശ്ചിതത്വവും, ചിന്താക്കുഴപ്പവും ഉണ്ടാക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. ഈ പുതിയ ഓർഡിനൻസ് പ്രകാരം ആദ്യം രൂപീകൃതമായ കമ്മിറ്റി, ഓർഡിനൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായിട്ടാണ് രൂപീകരിച്ചത് എന്നത് തന്നെ ഇക്കാര്യത്തിലുള്ള സർക്കാരിന്റെ ആത്മാർത്ഥതയില്ലായ്മയാണ് വെളിവാക്കുന്നത്.

ഇപ്പോഴത്തെ ഓർഡിനൻസ് പ്രകാരമുള്ള ബില്ലിൽ 2017 ജൂൺ 1 മുതൽ മാത്രം പ്രാബല്യം നൽകിയിരിക്കുന്നത് 2017 ഏപ്രിൽ 10-ലെ ഓർഡിനൻസ് പ്രകാരം സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചില്ല എന്നതിന്റെ തെളിവാണ്. ഈ നിയമത്തിലെ 17-ാം വകുപ്പ് പ്രകാരം സർക്കാരിന് ഫീസോ മറ്റു സംഗതി സംബന്ധിച്ചോ ഒന്നോ അതിലധികമോ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ഉടമ്പടി ഉണ്ടാക്കുവാനുള്ള വ്യവസ്ഥ വച്ചിട്ടുണ്ട്. സ്വാശ്രയ മെഡിക്കൽ മേഖലയിലെ ഫീസും, പ്രവേശനവും നിശ്ചയിക്കുന്നതിന് സമിതി രൂപീകരിച്ച ശേഷം ആ സമിതിയുടെ തീരുമാനങ്ങൾക്ക് വിരുദ്ധമായ രീതിയിൽ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ഉടമ്പടി വയ്ക്കുന്നത് ഈ നിയമത്തിന്റെ അന്തസത്തയെയും, ഫീസ് നിയന്ത്രണ സമിതിയുടെ അധികാരത്തെയും ചോദ്യം ചെയ്യുന്ന ഒന്നാകയാൽ ഇക്കാര്യത്തിലുള്ള വിയോജനം രേഖപ്പെടുത്തുന്നു.

| | |
|---|---|
| പി.കെ. ബഷീർ | (ഒപ്പ്) |
| സി. മമ്മൂട്ടി | (ഒപ്പ്) |
| വി.എസ്. ശിവകുമാർ | (ഒപ്പ്) |
| റോഷി അഗസ്റ്റിൻ | (ഒപ്പ്) |

